REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-04-2026 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാജ്യത്തിന്റെ ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളെയും പരിസ്ഥിതി സൗഹൃദ വികസനത്തെയും പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 133-ാമത് 'മൻ കി ബാത്.**
- **കൽപ്പാക്കത്തെ ഫാസ്റ്റ് ബ്രീഡർ റിയാക്ടർ രാജ്യത്തെ ആണവോർജ്ജ ചരിത്രത്തിലെ നിർണ്ണായക നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി.**
- **ആവേശക്കടലായി തൃശൂർ പൂരം.**
- **സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. രണ്ടു ദിവസത്തിനകം വേനൽ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ.**

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളെയും പരിസ്ഥിതി സൗഹൃദ വികസനത്തെയും പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 133-ാമത് 'മൻ കി ബാത്' റേഡിയോ പ്രഭാഷണം. തമിഴ്നാട്ടിലെ കൽപ്പാക്കത്തുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടർ പ്രവർത്തനസജ്ജമായതും പവന ഊർജ്ജ മേഖലയിൽ ഇന്ത്യ കൈവരിച്ച മുന്നേറ്റവുമാണ് പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ പ്രധാനമായും എടുത്തുകാട്ടിയത്.

കൽപ്പാക്കത്തുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടർ പ്രവർത്തനസജ്ജമായത് ഇന്ത്യയുടെ ആണവോർജ്ജ ചരിത്രത്തിലെ നിർണ്ണായക നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പൂർണ്ണമായും തദ്ദേശീയ സാങ്കേതിക വിദ്യയിലാണ് ഇത് നിർമ്മിച്ചത്. ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനൊപ്പം ഭാവിയിലേക്ക് ആവശ്യമായ

ഇന്ധനം കൂടി നിർമ്മിക്കാൻ ശേഷിയുള്ളതാണ് ഈ ബ്രീഡർ റിയാക്ടറെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തിന്റെ ആണവ പദ്ധതിക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ എല്ലാവരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

(AUDIO BYTE)- P M

കാറ്റിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനത്തിൽ ഇന്ത്യ 56 ജിഗാവാട്ട് ശേഷി പിന്നിട്ടുവെന്ന് നരേന്ദ്ര മോദി പറഞ്ഞു. ഈ മേഖലയിൽ ലോകത്ത് നാലാം സ്ഥാനത്താണ് ഇന്ന് ഇന്ത്യ. ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ ഇതിൽ മികച്ച നേട്ടം കൈവരിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. നമ്മുടെ എഞ്ചിനീയർമാരുടെ കഠിനാധ്വാനവും, യുവാക്കളുടെ പരിശ്രമവും, രാഷ്ട്രത്തിന്റെ കൂട്ടായ ഇച്ഛാശക്തിയുടെ പ്രതീകവുമാണ് ഈ മുന്നേറ്റമെന്നും സൗരോർജ്ജവും പവനോർജ്ജവും ഭാരതത്തിന്റെ വികസനത്തിന് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

(AUDIO BYTE)  P M

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് നടക്കുന്ന ബീറ്റിംഗ് ദി റിട്രീറ്റിനെ കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. മികച്ച സംഗീതവും ഉജ്ജ്വലമായ formationകളും കൊണ്ട് ഈ പരിപാടി എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നുവെന്ന് പറഞ്ഞ പ്രധാനമന്ത്രി, ബീറ്റിംഗ് റിട്രീറ്റിന്റെ സംഗീതം ആദ്യമായി Waves OTTയിൽ ലഭ്യമാണെന്ന് വ്യക്തമാക്കി. ഭാവിയിൽ, മറ്റ് പ്ലാറ്റ്ഫോമുകളിലും ഇത് ലഭ്യമാകുമെന്നും അത് എല്ലാവരും കേൾക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

(AUDIO BYTE)  P M

കഴിഞ്ഞ കുറച്ചു വർഷങ്ങളായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രകൃതി സംരക്ഷണത്തിന്റെ പ്രചോദനാത്മകമായ കഥകൾ ഉയർന്നുവരുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. റാൻ ഓഫ് കച്ചിലെ ഫ്ളമിംഗോകളുടെ സംരക്ഷണത്തെ കുറിച്ചും ഉത്തർപ്രദേശില ടെറായിയിൽ ആനകളെ നിരീക്ഷിക്കാൻ ഗ്രാമവാസികൾ ടീമുകൾ രൂപവത്കരിച്ചതിനെ കുറിച്ചും ഛത്തിസ്ഗഢിൽ കൃഷ്ണ മൃഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടതുമെല്ലാം പ്രധാനമന്ത്രി എടുത്തുകാട്ടി. പ്രകൃതിയും മനുഷ്യരും വേറിട്ടതല്ലെന്നും നമ്മൾ പ്രകൃതിയെ മനസ്സിലാക്കുകയും, അതിനെ ബഹുമാനിക്കുകയും, അതിനോട് യോജിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ, മാറ്റം വ്യക്തമായി കാണമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ വരാനിരിക്കുന്ന സെൻസസ് പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലായിരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. മൊബൈൽ ആപ്പ് വഴി

വിവരങ്ങൾ രേഖപ്പെടുത്തുന്നതിനൊപ്പം പൗരന്മാർക്ക് സ്വന്തമായി വിവരങ്ങൾ സമർപ്പിക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇതിനായി പ്രത്യേക ID സംവിധാനം ലഭ്യമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(AUDIO BYTE)  P M

ഫ്രാൻസിൽ നടന്ന യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ ആറാം സ്ഥാനം നേടിയ ഇന്ത്യൻ പെൺകുട്ടികളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. തിരുവനന്തപുരം സ്വദേശിനി സഞ്ജന ചാക്കോ വെള്ളി മെഡൽ നേടി രാജ്യത്തിന്റെ അഭിമാനമായി മാറിയത് പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

മുളയെ മരങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കിയ 2017-ലെ നിയമഭേദഗതി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വലിയ സാമ്പത്തിക മാറ്റമുണ്ടാക്കിയെന്ന് പറഞ്ഞ നരേന്ദ്ര മോദി, മുള ഉൽപ്പന്നങ്ങൾ ഉപയോഗിക്കാനും സമ്മാനമായി നൽകാനും ആഹ്വാനം ചെയ്തു.

ബ്രസീലിൽ നടന്ന രാജ്യാന്തര ചീസ് മത്സരത്തിൽ രണ്ട് ഇന്ത്യൻ ബ്രാൻഡുകൾ പുരസ്കാരം നേടിയതും പ്രധാനമന്ത്രി എടുത്തു പറഞ്ഞു. കശ്മീരിലെ 'കലാരി', സിക്കിമിലെ 'ചുർപ്പി', ഗുജറാത്തിലെ 'സുർത്തി ചീസ്' തുടങ്ങിയ പ്രാദേശിക ചീസുകൾക്ക് ആഗോള തലത്തിൽ വലിയ സാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

20 കോടിയിലധികം ചരിത്രരേഖകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈനിൽ ലഭ്യമാക്കിയത് ചരിത്രകാരന്മാർക്കും വിദ്യാർത്ഥികൾക്കും വലിയ സഹായമാകുമെന്ന് പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

✪✪✪

ആവേശക്കടലായി തൃശൂർ പൂരം. ഭഗവതിയുടെ തിടമ്പേറ്റി തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ, ചെറുപൂരങ്ങളെ വരവേറ്റ് ദേശക്കാർ. മുണ്ടത്തിക്കോട് ദുരന്തത്തിന്റെ വേദന ഉള്ളിലൊതുക്കിയാണ് ഇത്തവണത്തെ പൂരം.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

.......വോയ്സ്........

പൂരപ്രേമികളുടെ ഹൃദയമിടിപ്പായി മാറിയ തൃശൂർ പൂരം ഇന്ന് അതിന്റെ പൂർണശോഭയിലെത്തിക്കഴിഞ്ഞു . കത്തുന്ന വെയിലിനെ വകവെക്കാതെ പതിനായിരങ്ങളാണ് സാംസ്കാരിക തലസ്ഥാനത്തെ തേക്കിൻകാട് മൈതാനത്തേക്ക് ഒഴുകിയെത്തുന്നത്.

ഘടക പൂരങ്ങൾ വടക്കുന്നാഥ ക്ഷേത്രത്തിലേക്ക് രാവിലെ മുതൽ പുറപ്പെട്ടുതുടങ്ങി . ആദ്യ ഘടകപൂരമായ കണിമംഗലം ശാസ്താവ് പുലർച്ചെ തന്നെ എഴുന്നള്ളിയതോടെ പൂരത്തിന് ഔദ്യോഗിക തുടക്കമായി. പിന്നാലെ പനമുക്കമ്പിള്ളി, ചെമ്പൂക്കാവ് തുടങ്ങിയ ഘടകപൂരങ്ങൾ വടക്കുംനാഥനെ വണങ്ങി മടങ്ങി.ആനപ്രേമികളുടെ പ്രിയങ്കരനായ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ചെമ്പുകാവ് ഭഗവതിയുടെ തിടമ്പേറ്റിയ എഴുന്നള്ളുന്നത് കാണാൻ വൻ ജനത്തിരക്കാണ് അനുഭവപ്പെറ്റത്.

11 മണിക്ക് ശേഷമാണ് തിരുവമ്പാടിയുടെ മഠത്തിൽ വരവ്ആരംഭിച്ചത്. ഉച്ചക്ക്രണ്ടുമണിക്ക് ശേഷം ഇലഞ്ഞിത്തറമേളവും നടക്കും.

ഇനിയുള്ള മണിക്കൂറുകൾ ആവേശത്തിന്റെ കൊടുമുടി കയറുന്നതാണ്. വൈകുന്നേരം നടക്കാനിരിക്കുന്ന തെക്കോട്ടിറക്കവും അതിനോടനുബന്ധിച്ചുള്ള വിശ്വപ്രസിദ്ധമായ കൂടിക്കാഴ്ചയും കുടമാറ്റവുമാണ് ഇനി എല്ലാവരും ഉറ്റുനോക്കുന്നത്. പാറമേക്കാവ് - തിരുവമ്പാടി വിഭാഗങ്ങൾ പരസ്പരം മത്സരിച്ച് വർണക്കുടകൾ ഉയർത്തുന്ന കാഴ്ച കാണാൻ വിദേശ സഞ്ചാരികളടക്കം വൻ നിരയാണ് മൈതാനത്ത് കാത്തിരിക്കുന്നത്. മുണ്ടത്തിക്കോട് അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണ 15 മിനിറ്റ് മാത്രമാണ് കുടമാറ്റം നടക്കുക. പൂരത്തോടനുബന്ധിച്ച് ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് സിറ്റി പൊലീസ് ഒരുക്കിയിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. പാലക്കാട് ജില്ലയിൽ ചിലയിടങ്ങളിൽ ഇന്ന് കൂടിയ താപനില ഏകദേശം 40°C വരെയും, കൊല്ലം ജില്ലയിൽ കൂടിയ താപനില ഏകദേശം 39°C വരെയും ഉയരാനിടയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

പത്തനംതിട്ട, തൃശൂർ. കോഴിക്കോട്, കാസർഗോഡ് ജില്ലയിൽ ചിലയിടങ്ങളിൽ കൂടിയ താപനില 38°C വരെയും, കോട്ടയം, എറണാകുളം, മലപ്പുറം, കണ്ണൂർ ജില്ലകളിൽ താപനില 37°C വരെയും ഉയരാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

✪✪✪

സംസ്ഥാനത്ത് രണ്ടു ദിവസത്തിനകം വ്യാപകമായ വേനൽ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. ബുധനാഴ്ച കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് ചെന്നൈയിൽ, ചെന്നൈ സൂപ്പർ കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ലക്നൗവിൽ രാത്രി ഏഴരയ്ക്ക് ലക്നൗ സൂപ്പർ ജയൻറ്സും, കൊൽക്കത്ത നൈറ്റ് റൈഡേഴ്സും ഏറ്റുമുട്ടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് SC ഡൽഹി, മൊഹമ്മദെൻ SC-യെ നേരിടും. വൈകിട്ട് അഞ്ചിന് ഡൽഹിയിലാണ് മത്സരം.

✪✪✪

കണ്ണൂർ തളിപ്പറമ്പ് പട്ടുവത്ത് പാമ്പുകടിയേറ്റ് ചികിത്സയിലായിരുന്ന 70-കാരി മരിച്ചു. മുതുകുടയിൽ  നബീസ ആണ് മരിച്ചത്. വെള്ളിയാഴ്ച്ചയാണ് ഇവരെ പാമ്പുകടിയേറ്റ നിലയിൽ പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

തീവ്രപരിചരണ വിഭാഗത്തിൽ ചികിൽസയിലിരിക്കെ ഇന്ന് രാവിലെയാണ് മരണപ്പെട്ടത്.

✪✪✪

കഠിനമായ ചൂടിൽ നിന്നും സംരക്ഷണം തേടി പാമ്പുകൾ തണുപ്പുള്ള ഭാഗങ്ങളിലേക്ക് സഞ്ചരിക്കുന്നത് കൂടിവരികയാണെന്ന് കണ്ണൂർ പറശ്ശിനിക്കടവ് പാമ്പുവളർത്തു കേന്ദ്രത്തിലെ ചീഫ് സൂപ്പർവൈസർ T V സുധാകരൻ പറഞ്ഞു.  വീടും പരിസരവും എപ്പോഴും വൃത്തിയാക്കി സൂക്ഷിക്കണമെന്നും വീടിനകത്തേക്ക് ഇഴജന്തുക്കൾ കയറിപ്പറ്റാനുള്ള സാഹചര്യം ഒഴിവാക്കണമെന്നും അദ്ദേഹം  പറഞ്ഞു.

വിഷപ്പാമ്പുകളുടെ കടിയേറ്റാൽ സമയബന്ധിതമായ ചികിത്സയിലൂടെ ജീവൻ രക്ഷിക്കാൻ സംവിധാനം ഇന്ന് ആരോഗ്യരംഗത്ത് ഉണ്ടെങ്കിലും ബോധവത്കരണത്തിന്റെ കുറവ് പല അപകടങ്ങളിലേക്കും നയിക്കുകയാണെന്നും അദ്ദേഹം  പറഞ്ഞു.

✪✪✪

ലക്ഷദ്വീപിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തിർത്ഥാടക  സംഘം വിവിധ ദ്വീപുകളിൽ നിന്ന് നാല്  കപ്പലുകളിലായി  മെയ് 5 നുള്ളിൽ കൊച്ചിയിലെത്തിച്ചേരുമെന്ന് ലക്ഷദ്വീപ് സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി അധികൃതർ അറിയിച്ചു. 107 പേരാണ് ഈ വർഷത്തെ ലക്ഷദ്വീപ് ഹജ്ജ് സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

✪✪✪

അടുത്ത അധ്യയന വർഷത്തെ എൻജിനീയറിങ്, ഫാർമസി കോഴ്സുകളിലേക്ക് നടത്തിയ കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തരസൂചിക സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് സമയപരിധി ഇന്ന് വൈകിട്ട് അഞ്ചിന് അവസാനിക്കും. ഓരോ ചോദ്യത്തിനും 200 രൂപ വീതം ഓൺലൈനായി അടച്ച് കാൻഡിഡേറ്റ് പോർട്ടൽ വഴിയാണ് പരാതികൾ സമർപ്പിക്കേണ്ടത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*News Team: സയ്യിദ് അലി ശിഹാബ്, അൻഷ കരീം*
*DEO:  സി കെ സുബോധ്*